# ഒരു യുദ്ധവിരുദ്ധ പ്രസ്ഥാനത്തിന്റെ അഭാവം

“**യുദ്ധം,** ശത്രു ഈ രണ്ടു സങ്കൽപ്പങ്ങളെ അടിസ്ഥാനമാക്കിയുള്ളവയാണ് നമ്മുടെ ഇന്നത്തെ രാഷ്ട്രരൂപങ്ങളെല്ലാം തന്നെ. ഭാരതമെന്ന പേർ കേട്ടാൽ.... കേരളമെന്നു കേട്ടാലോ തിളക്കണം ചോര നമുക്ക് ഞരമ്പുകളിൽ എന്ന് വള്ളത്തോൾ എഴുതിയില്ലേ? എന്തിനാണ് ചോര തിളക്കുന്നത്? ഉന്നത രക്തസമ്മർദ്ദമോ? ചോര തിളയ്ക്കേണ്ട യാതൊരാവശ്യവുമില്ല. ഇന്നത്തെ രാഷ്ട്രങ്ങൾ അതത് നാഷണൽ ബൂർഷ്വാസികളുടെ കച്ചവടത്തിന്റെ അതിരുകളാണ്. ഹിമാലയത്തെ ചുറ്റിയുള്ള വലിയ പലചരക്ക് കടയിൽ നമുക്കൊക്കെ അക്കൗണ്ട് ഉണ്ട്. നമുക്കുവേണ്ടി യുദ്ധങ്ങൾ നടക്കുന്നു. നമുക്കുവേണ്ടി കൊലയും അടിച്ചമർത്തലും മാനഭംഗവും നടത്തുന്നു. ശത്രു ഇല്ലാത്ത രാഷ്ട്രസങ്കൽപ്പമാണ് വേണ്ടത്. സൈന്യത്തിന്റെ പ്രസക്തിയെക്കുറിച്ച് നാം ഒരു ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു.” (ഒ.വി. വിജയൻ 25 വർഷങ്ങൾക്ക് മുമ്പ് നടത്തിയ ഒരു അഭിമുഖ സംഭാഷണത്തിൽ നിന്നും).

അതിരുകളുടെയും ശത്രുതയുടെയും സൈന്യത്തിന്റെയും പ്രസക്തിയെക്കുറിച്ച് ആത്മപരിശോധന നടത്തേണ്ട വരുന്ന, യുദ്ധവെറിയുടെ പക നിറയുന്ന കലുഷിതാന്തരീക്ഷത്തിൽ ഒ.വി. വിജയന്റെ വാക്കുകൾ കാലാതീതമായി നിൽക്കുന്നു. പുൽവാമ ഭീകരാക്രമണത്തിന് ശേഷം ‘പാകിസ്ഥാനെ തിരിച്ചടിക്കണം’ എന്ന രക്തദാഹം കലർന്ന ആക്രോശങ്ങൾ ഇന്ത്യയുടെ രാഷ്ട്രീയാന്തരീക്ഷത്തിൽ നിറഞ്ഞുനിന്നപ്പോൾ പലരും സാമൂഹ്യമാധ്യമങ്ങളിൽ ഒ.വി. വിജയന്റെ യുദ്ധവിരുദ്ധ വരികൾ പലതും പകർത്തിവച്ചു. രണ്ട് രാജ്യങ്ങൾ തമ്മിലുള്ള സൈനികപ്പോർവിളികൾക്കെതിരെ യുദ്ധവിരുദ്ധ വികാരം അടിത്തട്ടിൽ അലയടിച്ചു നിന്നെങ്കിലും രാഷ്ട്രീയ-മാദ്ധ്യമ മുഖ്യധാര എരിതീയിൽ എണ്ണ പകർന്നുകൊണ്ടേയിരുന്നു. ഹീനമായ രീതിയിൽ യുദ്ധവെറി വിളമ്പുന്നതിൽ മത്സരിക്കുകയായിരുന്നു ദേശീയ-പ്രാദേശിക മാദ്ധ്യമങ്ങൾ. സമാധാനത്തെയും ശാന്തിയേയും കുറിച്ച് ആരും മിണ്ടുന്നതേയില്ല. ഇന്ത്യൻ തിരിച്ചടികളെക്കുറിച്ചുള്ള വീരകഥകളും ശത്രുവിനെക്കുറിച്ചുള്ള ഭീതിയും നിർമ്മിച്ചെടുക്കുന്നതിൽ വ്യാപൃതരായിരുന്നു എല്ലാവരും. രാജ്യസ്നേഹത്തിന്റെ അച്ചിൽ വാർത്തെടുത്ത സേനയുടെ അതിർത്തിഭേദനത്തെക്കുറിച്ചുള്ള വീരേതിഹാസങ്ങളാൽ ടെലിവിഷനും പത്രവും ഓൺലൈൻ പോർട്ടലുകളും നിറഞ്ഞു. യുദ്ധത്തിന്റെ അതിദാരുണമായ ഭീകരതകൾ മറച്ചുവച്ച് ഒരു കുടിപ്പകയുടെ വൈകാരികതയോടെ മീഡിയ ഡസ്കുകൾ ഉറഞ്ഞുതുള്ളി. ദേശഭക്തി എന്നത് തെരഞ്ഞെടുപ്പിൽ ഏറ്റവും മൂല്യമുള്ള പ്രചാരണ സാമഗ്രിയായതിനാൽ ഇലക്ഷനുമുന്നോടിയായി വീണുകിട്ടിയ ഒരു അവസരമായി രാഷ്ട്രീയ നേതൃത്വങ്ങളും യുദ്ധത്തെ കണ്ടു. റഫേൽ ഇടപാടിൽ സംശയത്തിന്റെ മുൾമുനയിൽ നിന്ന പ്രധാനമന്ത്രി ‘യുദ്ധം’ സംജാതമായതോടെ രാജ്യത്തിന്റെ ‘കാവൽക്കാരൻ’ ആയി മാറി. തെരഞ്ഞെടുപ്പ് കാലത്തോളം മറ്റു പലതും മറച്ചുവയ്ക്കാൻ ഈ ദേശഭക്തി പലർക്കും നീട്ടിക്കിട്ടേണ്ടതുണ്ടായിരുന്നു. അങ്ങനെ സൈനികനീക്കങ്ങൾ ഒരു രാഷ്ട്രീയ തിരക്കഥയായി മാറി. സൈനികരുടെ ത്യാഗത്തെ കേന്ദ്രസർക്കാർ തന്നെ രാഷ്ട്രീയവത്കരിച്ചപ്പോൾ പ്രതിപക്ഷകക്ഷികളെല്ലാം അതിന് പിന്തുണയുമായെത്തി. സമാധാന സന്ദേശവുമായി അഭിനന്ദൻ വർധമാൻ തിരികെയെത്തിയില്ലായിരുന്നെങ്കിൽ ഇതിലും ഗുരുതരമാകുമായിരുന്നു സ്ഥിതി. ഏങ്കിലും കാര്യങ്ങൾ കലുഷിതമായി തുടരുകയാണ്. എന്തുതന്നെ സംഭവിച്ചാലും ഇനിയും വേദനകൾ ഏറ്റുവാങ്ങാൻ പോകുന്നത് കാശ്മീരിലെ ജനങ്ങളാണ് എന്നതാണ് സങ്കടകരമായ സത്യം. തീവ്രവാദത്തിനും സൈനികവത്കരണത്തിനും ഇടയിൽപ്പെട്ട് ശ്വാസംമുട്ടുന്ന കാശ്മീരികളുടെ സ്ഥിതിയെക്കുറിച്ച് രാഷ്ട്രീയ-മാദ്ധ്യമ മുഖ്യധാരയ്ക്ക് പറയാൻ ഒന്നുമേയില്ല. ബി.ജെ.പി സർക്കാർ അധികാരത്തിൽ വന്ന ശേഷം കാശ്മീർ താഴ്വരയിലെ ഇന്ത്യൻ സൈന്യത്തിന്റെ പ്രവർത്തനങ്ങൾ രൂക്ഷമായ മനുഷ്യാവകാശ ലംഘനങ്ങൾക്ക് വഴിവച്ചതായി യു.എൻ മനുഷ്യാവകാശ സമിതി തന്നെ റിപ്പോർട്ട് ചെയ്യുന്നു. ഈ സൈനികവിന്യാസത്തിന് സമാന്തരമായി വിഘടനവാദ ഗ്രൂപ്പുകളും ശക്തിപ്പെടുന്ന കാഴ്ചയാണ് അവിടെ ഇപ്പോൾ കാണാൻ കഴിയുന്നത്. തോക്കുകൾക്ക് പരിഹരിക്കാൻ കഴിയുന്നതല്ല കാശ്മീരിലെ പ്രശ്നങ്ങൾ എന്നതിന് തെളിവാണിത്. അസ്വസ്ഥജനകമായ സാമൂഹികാന്തരീക്ഷം നിലനിൽക്കുന്ന സ്ഥലങ്ങളിലാണ് ഭീകരത മുളപൊട്ടുന്നത് എന്നോർക്കണം. അതിനൊപ്പം, മത-വംശീയ-ദേശീയതാ ബോധങ്ങൾ കൂടിക്കലർന്ന വൈകാരികത കൂടിയാകുമ്പോൾ ആ മണ്ണ് ഭീകരതയ്ക്ക് വളക്കൂറുള്ളതായി മാറുന്നു. അതുകൊണ്ടുതന്നെ അസ്വസ്ഥജനകമായ സാമൂഹികാന്തരീക്ഷത്തെ മാറ്റിത്തീർക്കുകയും മാനവികതയെ മുൻനിർത്തി വൈകാരികതകളെ പരാജയപ്പെടുത്തുകയുമാണ് വേണ്ടത്. യുദ്ധം കൊണ്ട് സാധിക്കുന്നത് കേവലം താത്കാലിക അടിച്ചമർത്തലുകൾ മാത്രമാണ്. ‘കറാച്ചി’ എന്ന് പേരുള്ള കടയുടെ പേര് മാറ്റാൻ മുറവിളികൂട്ടുന്ന കൂട്ടരിൽ പോലുമുണ്ട് ഭീകരതയുടെ മാരകമായ വിഷവിത്തുകൾ. പ്രതിഭീകരതകൊണ്ട് അതിനെ തടുക്കാൻ കഴിയില്ല എന്ന് തിരിച്ചറിഞ്ഞുകൊണ്ട് പുതിയ അന്വേഷണങ്ങൾ നടത്തുകയാണ് ഇപ്പോൾ വേണ്ടത്. അത്തരത്തിലുള്ള അന്വേഷണത്തെ ശക്തിപ്പെടുത്തുന്ന ഒരു യുദ്ധവിരുദ്ധ പ്രസ്ഥാനത്തിന്റെ അഭാവം ഇന്ത്യയിൽ നിഴലിക്കുന്നുണ്ട്. യുദ്ധം വേണ്ട എന്ന് ഉറക്കെപ്പറയുന്നതിനും ശത്രുതകളെയും വിദ്വേഷങ്ങളെയും തുടച്ചുനീക്കുന്നതിനും ശേഷിയുള്ള ഒരു കളക്ടീവ് ഇടപെടലിന്റെ കുറവ് ഈ പോർവിളികൾക്കിടയിൽ ശക്തമായി അനുഭവപ്പെടുന്നുണ്ട്.

യുദ്ധത്തിനെതിരെ സംസാരിക്കുന്നത് ഒരു ദേശവിരുദ്ധ പ്രവർത്തനമായി മുദ്രകുത്തുന്ന രാഷ്ട്രീയ വ്യവഹാരം ശക്തിപ്പെടുന്ന കാലത്ത് (ഇന്ത്യൻ സൈനിക നടപടിക്കെതിരെ സംസാരിക്കുന്നവരെ നിരീക്ഷിക്കാനും കർശന നടപടിയെടുക്കാനും കേരള പോലീസിനും നിർദ്ദേശമുണ്ടായിരുന്നതായി വാർത്തകൾ) സമാധാനത്തിനും ജനാധിപത്യത്തിനും വേണ്ടിപൗരസമൂഹത്തിന്റെ ശ്രമങ്ങൾ ഇതിലും ഊർജ്ജിതമാകേണ്ടതുണ്ട്. അപരവിദ്വേഷത്തിൽ അഭിരമിക്കുന്ന ഭരണകൂടത്തിന്റെ കൈയിലല്ല, യുദ്ധത്തിനെതിരായ ജനമുന്നേറ്റത്തിന്റെ പക്കലാണ് സമാധാനത്തിന്റെ താക്കോൽ. ■